Website
12/1/17

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ:ഇ7/49628/2014

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തി നഗർ, തിരുവനന്തപുരം-01,
തീയതി: 10.12.2014.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - പർച്ചേസ് വിഭാഗം - ഐ.ടി.ഐ.കളിൽ 2010-11 വർഷം ആരംഭിച്ച "ഗ്രീൻ ക്യാമ്പസ്" പദ്ധതി പുനരാരംഭിക്കുന്നത് - സംബന്ധിച്ച്.

**********

വ്യാവസായിക പരിശീലന വകുപ്പിലെ ഗവ.ഐ.ടി.ഐ.കളിൽ 2010-11 വർഷം "ഗ്രീൻ ക്യാമ്പസ്" എന്ന പേരിൽ നാന്ദി കുറിച്ച പദ്ധതി കാലാന്തരത്തിൽ പ്രവർത്തന രഹിതമായി കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

വ്യക്തി ശുചിത്വം, സാമൂഹ്യ ശുചിത്വം, സാമൂഹ്യ സുരക്ഷ എന്നിവയെ മുൻനിർത്തിയും തന്മൂലം പ്രകൃതിയുടെ സന്തുലിതാവസ്ഥ നില നിർത്താനും, നാശോൻമുഖമായി കൊണ്ടിരിക്കുന്ന പ്രകൃതി വിഭവങ്ങൾ പുനർസൃഷ്ടിക്കാനും, യുവതലമുറയെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഗവൺമെന്റ് ഐ.ടി.ഐ.കളിലും പൂർവ്വാധികം ശക്തിയോടെ "ഗ്രീൻ ക്യാമ്പസ്" പദ്ധതി പുനരാരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും ട്രെയിനീസ് സംഘടനകൾ, പി.ടി.എ ഭാരവാഹികൾ, സ്റ്റാഫ് കൗൺസിൽ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് ഗ്രീൻ ക്യാമ്പസ് പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുകയും, ടി പദ്ധതിയുടെ വിജയത്തിനായി ഒരു രൂപരേഖ തയ്യാറാക്കുകയും എല്ലാപേരുടേയും അംഗീകാരത്തോടു കൂടി ടി പദ്ധതിയുടെ നടത്തിപ്പിനു വേണ്ടുന്ന ഫണ്ട് പി.ടി.എ/ഐ.എം.സി.യിൽ നിന്നും കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആവശ്യമെങ്കിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഇതിലേക്കാവശ്യമായ ഫണ്ട് ടി വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

പ്രധാനമായും ഈ പദ്ധതിയിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

- ഐ.ടി.ഐ.യുടെ ക്ലാസ്സ് മുറികളും, വർക്ക്ഷോപ്പ് കെട്ടിടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
- മഴവെള്ളം, അഴുക്കു വെള്ളം എന്നിവ കെട്ടികിടക്കാൻ അനുവദിക്കാതെ ചെറിയ തോതിൽ ഓവ് ചാനൽ ഉണ്ടാക്കി വെള്ളം വൃക്ഷങ്ങളുടെ ചുവട്ടിലേക്ക് ഒഴുക്കുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുക.
- ഐ.ടി.ഐ.യിലെ വർക്ക്ഷോപ്പുകളിൽ നിന്നും ഉണ്ടാകുന്ന വേയ്സ്റ്റും, ബയോ വേയ്സ്റ്റും ശരിയായ രീതിയിൽ സംസ്കരിക്കുക.
- സാധ്യമായ രീതിയിൽ ഒരു പച്ചക്കറിതോട്ടം നിർമ്മിക്കുക നല്ലൊരു വിളവെടുപ്പ് ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെങ്കിൽ അത് ഐ.ടി.ഐ. യുടെ വരുമാനമാർഗ്ഗത്തിന് ഒരു മുതൽകൂട്ടാക്കേണ്ടതാണ്.
- പൂച്ചെടികളും, ഔഷധ സസ്യങ്ങളും വച്ച് പിടിപ്പിച്ച് ഐ.ടി.ഐ. ക്യാമ്പസിൽ മനോഹരമായ ഒരു ഉദ്യാനം നിർമ്മിക്കുക.

ഓരോ ഐ.ടി.ഐ.യിലും ഗ്രീൻ ക്യാമ്പസ് പദ്ധതിയുടെ സംഘാടനത്തിനായി ഒരു ക്യാമ്പ് ഓഫീസറെ നിയോഗിക്കുകയും ടി ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഓരോ ദിവസവും ഒന്നോ രണ്ടോ ട്രേഡിലെ ട്രെയിനികളെ ഉൾപ്പെടുത്തി ടി പദ്ധതി തുടർന്ന് നടത്തുന്നതിന് ശ്രമിക്കേണ്ടതാണ്. ഏറ്റവും മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്ന ഐ.ടി.ഐ.യ്ക്ക് പ്രത്യേക അംഗീകാരവും അനുമോദനവും നൽകുന്നതാണ്.

പച്ചപ്പാർന്ന മാലിന്യമുക്തമായ ഐ.ടി.ഐ. ക്യാമ്പസ് എന്നത് ഓരോ ട്രെയിനിയുടെയും സ്റ്റാഫിന്റെയും ലക്ഷ്യമായി കാണേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർ**

പകർപ്പ്: എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും/
പ്രിൻസിപ്പാൾ, ബി.റ്റി.സി. (Through Official Website)